I/17418/2022

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: അഞ്ജു. കെ.എസ് IAS)

വിഷയം:- പട്ടികജാതി വികസനം- 9-10 ക്ലാസ് സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്- 2022-23 വർഷം നടപ്പിലാക്കുന്നതിനുള്ള അനുമതി ഉത്തരവ്- സംബന്ധിച്ച്

പരാമർശം:-
1) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ നിർദേശങ്ങൾ
2) കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം ഡയറക്ടറുടെ 21/07/2022 ലെ കത്ത് നം. K-17/1/2020 -SCD-V- Part(2)
3) കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം ഡയറക്ടറുടെ 14/10/2022 ലെ കത്ത് നം. K-11011/17/2022-SCD-V

| No: SCDD/6193/2022-B3 (EDN B) | Date: 29-11-2022 |
|---|---|

9-10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. പുതുക്കിയ കേന്ദ്രമാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 2022-23 വർഷം മുതൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം പ്രകാരം നിർദേശം ലഭ്യമായിട്ടുണ്ട്. സ്റ്റേറ്റ് സ്കോളർഷിപ്പ് പോർട്ടലായ ഇ-ഗ്രാന്റ്സ്, PFMS, നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്നിവ മുഖേന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതും EBT പോർട്ടൽ ഈ വർഷം മുതൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

UIDAI, NPCI എന്നിവയുമായി സ്റ്റേറ്റ് സ്കോളർഷിപ്പ് പോർട്ടലായ ഇ-ഗ്രാന്റ്സിന്റെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കുകയും PFMS പോർട്ടലുമായുള്ള ഇന്റഗ്രേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 9-10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർഥികൾക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി 2022-23 വർഷം മുതൽ പുതുക്കിയ കേന്ദ്രമാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും പ്രാരംഭമായി ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസുകൾ മുഖേന അപേക്ഷകൾ സ്വീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

**1.** ഈ ഉത്തരവിന്റെ അനുബന്ധമായി നൽകുന്ന മാതൃകയിലുള്ള ഫോമിലാണ് അപേക്ഷ സ്വീകരിക്കേണ്ടത്.

**2.** പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയാണ്.

**3.** ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ് കൈപ്പറ്റുന്നതുമായ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കാം. എന്നാൽ സ്ഥാപനത്തിന് ഒരു **Valid UDISE Code** ഉണ്ടായിരിക്കണം.

4 . 2022-23 വർഷം ക്ലാസ്-9 ലും ക്ലാസ്-10 ലും പഠിക്കുന്നവരിൽ നിന്നും അപേക്ഷകൾ പ്രത്യേകമായി സ്വീകരിക്കുകയും ഡേറ്റാ എൻട്രി വരുത്തുകയും ചെയ്യണം.

5. ജാതി, വരുമാനം, മറ്റു ഘടകങ്ങൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തീരുമാനമെടുക്കണം.

6. പദ്ധതി സംബന്ധിച്ച് എല്ലാ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാരും ഓഫീസ് പരിധിയിലുള്ള ഹൈസ്കൂളുകളിൽ പ്രൊമോട്ടർമാർ മുഖേന അറിയിപ്പു നൽകേണ്ടതാണ്.

7. പദ്ധതി നടത്തിപ്പു സംബന്ധിച്ച സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | 2022 ഡിസംബർ 20 |
| അപേക്ഷകളുടെ ഡേറ്റ എൻട്രി പൂർത്തീകരിക്കാനുള്ള അവസാന തീയതി | 2023 ജനുവരി 10 |

അപേക്ഷ സ്വീകരണം, ഡേറ്റാ എൻട്രി എന്നിവയിൽ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്. സാങ്കേതികമായ കാരണങ്ങളാൽ അനിവാര്യമായി വന്നാലല്ലാതെ ഒരു സാഹചര്യത്തിലും നിശ്ചയിച്ച സമയക്രമം മാറ്റുന്നതല്ല.

ഡേറ്റാ എൻട്രി, **PFMS** മുഖേനയുള്ള സ്കോളർഷിപ്പ് തുക വിതരണം എന്നിവയുമായി ബന്ധപ്പെട്ട വിശദമായ മാർഗരേഖ യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)

**Anju KS IAS**
**DIRECTOR**

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

---

Forwarded/ By Order

**Signed by Ansari C S**
**Date: 30-11-2022 10:20:05**

Superintendent

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ കേരള തിരുവനന്തപുരം
2) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
3) സ്റ്റോക്ക് ഫയൽ / സ്പെയർ